## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 220

05/05/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി.എം.ജോൺ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. കെ.മുരളീധരൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**ക്ഷീരവികസന വകുപ്പ്.**<br>1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകി വരുന്നു.<br>2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾ ക്കും പുൽകൃഷി ചെയ്യുന്നതിന് ധന സഹായം നൽകി വരുന്നു. |

3. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലി ന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നില വിലുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷ കർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധ തിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിൽസാ ധനസഹായം, മരണാനന്തര ധന സഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു.

5. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായ കരമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

**മൃഗസംരക്ഷണ വകുപ്പ്**

- കന്നുക്കുട്ടി പരിപാലന പദ്ധതി
- രാത്രികാല അടിയന്തിര വെറ്ററിനറി സേവനം
- സമഗ്ര കന്നുകാലി ഇൻഷ്വറൻസ്
- ഇ-ഗവർണ്ണൻസ് സംരംഭങ്ങൾ
- വന്ധ്യത നിവാരണ പദ്ധതി
- സൗജന്യ ധാതു ലവണമിശ്രിതം വിതരണം/വിര മരുന്നു വിതരണം
- കന്നുകാലി ഫാമുകളുടെ യന്ത്രവൽകരണം- കറവയന്ത്രങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന

സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) യുവാക്കളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ ?

(ബി) യുവാക്കൾക്ക് മാത്രമായി പുതിയ പദ്ധതികൾക്ക് ക്ഷീര വികസന വകുപ്പ് രൂപം കൊടുത്തിട്ടില്ല. ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്ക് പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീരവികസനവകുപ്പ് നൽകുന്നു. ഈ ലക്ഷ്യത്തോടെ ക്ഷീരപരിശീലന കേന്ദ്രം മുഖേന മികച്ച പരിശീലനവും നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക്ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.), ക്ഷീരഗ്രാമം, ഡയറി സോൺ പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകി ഡയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റുകൾ, ഹൈടെക് ഡയറി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ മുഖേന മൃഗ സംരക്ഷണ വകുപ്പ് യുവാക്കളെ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും യുവസംരംഭകർക്ക് ഈ മേഖലയിൽ അവബോധം സൃഷ്ടിക്കുവാനായി പ്രത്യേക സെമിനാറുകളും ജില്ലകളിൽ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ.